**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 136** **27-01-2026-ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്ക് പരിരക്ഷ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. എസ്. സുപാൽ

ശ്രീ. പി. എസ്. സുപാൽ

ശ്രീ. വി. ശശി

ശ്രീമതി. സി. കെ. ആശ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനം തുടങ്ങിയ സാമൂഹ്യാവകാശങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തെ സ്ത്രീസമൂഹം അഭിമുഖീകരിക്കുന്ന പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:**

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമൂഹ്യാവകാശങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തെ സ്ത്രീ സമൂഹം അഭിമുഖീകരിക്കുന്ന നിരവധിയായ പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ "Bridging the Gaps - A Joint Workshop on Domestic Violence Prevention and Justice" എന്ന പേരിൽ സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ വിവിധ കർത്തവ്യ വാഹക വകുപ്പുകളുടെ സാന്നിധ്യത്തിൽ ഒരു വർക്ക് ഷോപ്പ് 13/08/2025-ന് പോലീസ് ട്രെയിനിംഗ് കോളേജ് 'മൈൻഡ്' ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയിട്ടുള്ളതാണ്. പ്രസ്തുത വർക്ക് ഷോപ്പിൽ ഉയർന്നു വന്ന നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും "വുമൺ സേഫ്റ്റി ഡിവിഷൻ" ആരംഭിക്കുന്നതിന്റെ ഉദ്ഘാടന കർമ്മം 04/11/2025-ന് കോഴിക്കോട് സിറ്റി പോലീസ് ജില്ലയിൽ വച്ച് സംസ്ഥാന പോലീസ് മേധാവി നിർവ്വഹിച്ച് നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. കൂടാതെ ദേശീയ വനിതാ കമ്മീഷന്റെയും സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 19/12/2025-ന് പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ച് വനിതകളുടെ പരാതി പരിഹാരത്തിനായി "Mahila Jansunwai" സംഘടിപ്പിച്ചിട്ടുള്ളതാണ്. സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക അതിക്രമങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ വനിതാ ശിശു വികസന വകുപ്പിലെ വുമൺ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ സഹായത്തോടെ ഓരോ ജില്ലകളിലും പുറപ്പെടുവിക്കുന്ന നിരവധി സംരക്ഷണ ഉത്തരവുകൾ, കൂടാതെ കസ്റ്റഡി ഉത്തരവ്, നഷ്ടപരിഹാര ഉത്തരവ്, എന്നിവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതായി കർത്തവ്യ വാഹക വകുപ്പുകളായ വനിതാ ശിശു വികസന വകുപ്പ്, കേരള ലീഗൽ സർവ്വീസ് അതോറിറ്റി, എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിന് വ്യവസ്ഥാപിതമായ സംവിധാനം ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

**(ബി)** പൊതുസ്ഥലങ്ങളിലും സൈബർ ലോകത്തും സ്ത്രീകൾ നേരിടുന്ന പുതിയകാല പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുന്നതിന് പോലീസ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ;

**മറുപടി:**

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൈബർ ഇടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിതത്വത്തിനായി സൈബർ ഡിവിഷന്റെ കീഴിലുള്ള സൈബർ ക്രൈം റിപ്പോർട്ടിംഗ് സംവിധാനങ്ങളിലൂടെ കേരള പോലീസ് സ്ത്രീ സുരക്ഷ ശക്തിപ്പെടുത്തുന്നു.

സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സൈബർ ഡിവിഷൻ, സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ എന്നിവ മുഖേന പരാതികൾ സ്വീകരിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

സ്ത്രീകൾക്കെതിരെയുള്ള സൈബർ അതിക്രമങ്ങൾ തടയുന്നതിന് ഐടി ആക്റ്റ്, ഭാരതീയ ന്യായ സംഹിത (BNS) എന്നിവയിലെ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കിവരുന്നു.

സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളിൽ സൈബർ പട്രോളിംഗ് നടത്തി സ്ത്രീകൾക്കെതിരെയുള്ള അപമാനകരമായ പോസ്റ്റുകൾ കണ്ടെത്തി ആയത് നീക്കം ചെയ്യുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

സ്കൂൾ-കോളേജ് വിദ്യാർത്ഥിനികൾ, സർക്കാർ-അർദ്ധസർക്കാർ സ്വകാര്യ സ്ഥാപന ജീവനക്കാർ, മറ്റുതൊഴിലിടങ്ങളിലെ വനിതാ
ജീവനക്കാർ, വീട്ടമ്മമാർ ഉൾപ്പെടെയുള്ള എല്ലാ സ്ത്രീകൾക്കും സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ മുതലായ പരിപാടികൾ പൊലീസ് വകുപ്പിന്റെ നേതൃത്വത്തിൽ നൽകിവരുന്നു.

കൂടാതെ പൊതുസ്വകാര്യ ഇടങ്ങളിൽ സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ സധൈര്യം നേരിടുന്നതിന് വനിത സ്വയം പ്രതിരോധ പരിശീലന പരിപാടി സംസ്ഥാന വ്യാപകമായി നടത്തിവരുന്നു. 2025-2026 വർഷം പോലീസ് ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 180 പോലീസ് ഉദ്യോഗസ്ഥർക്ക് ഇസ്രായേലി മാർഷൽ ആർട്സ് ആയ "ക്രാവ് മാഗ" ഉൾപ്പെടുത്തി വിശദമായ പരിശീലന പരിപാടി പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ച് നൽകിയിട്ടുള്ളതും, "The Art of Self Defence", എന്നപുതിയ പരിശീലന മൊഡ്യൂൾ വനിതാ സെ ൽഫ് ഡിഫൻസ് മാസ്റ്റർ ട്രൈനർമാർക്ക് പരിശീലനത്തിനായി രൂപീകരിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

**(സി)** സ്ത്രീകൾക്ക് തുല്യനീതിയും ലിംഗസമത്വവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ കാലങ്ങളായി നിലനിൽക്കുന്ന സ്ത്രീസുരക്ഷിതത്വ ചിന്താഗതികളിൽ മാറ്റം വരുത്തുന്നതിന് സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>**

സ്ത്രീകൾക്ക് തുല്യ നീതിയും സുരക്ഷിതത്വവും
ഉറപ്പുവരുത്തുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ടിന്റെ ഭാഗമായി ജില്ലാതല വനിതാ പരാതി പരിഹാര യോഗങ്ങൾ, ജില്ലാ വുമൺ സെൽ, ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി, വനിതാ ശിശു വികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തുവാനായി 2025-2026 വർഷത്തെ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും ₹ 50000/- (അൻപതിനായിരം രൂപാ മാത്രം) വീതം ജില്ലകൾക്ക് അനുവദിച്ച് നല്കിയിട്ടുള്ളതാണ്. പൊതു സ്വകാര്യ ഇടങ്ങളിൽ സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് നേരിട്ട് പരാതി സമർപ്പിക്കുവാനും നിലവിലെ പരാതികൾക്ക് എത്രയും വേഗം തീർപ്പ് കൽപ്പിക്കുവാനും ഈ പരാതി പരിഹാരയോഗങ്ങൾ പ്രയോജനകരമായിട്ടുണ്ട്.

അതിന്റെ ഭാഗമായി വനിതാശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെയും നിയമങ്ങളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ഡി)** നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച സംസ്ഥാന സ്റ്റാർട്ടപ്പ് നയത്തിൽ വനിതാ സംരംഭകരുടെ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക പിന്തുണ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച സംസ്ഥാന സ്റ്റാർട്ടപ്പ് നയത്തിൽ വനിതാ സംരംഭകരുടെ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക പിന്തുണ നൽകുന്നില്ല.

**സെക്ഷൻ ഓഫീസർ**